**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4540** 25.06.2019 -ൽ മറുപടിയ്ക്ക്

**വില്ലേജുകളുടെ പുന:സംഘടന/രൂപീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വില്ലേജുകളുടെ പുന:സംഘടന, പുതിയ വില്ലേജുകളുടെ രൂപീകരണം എന്നിവ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്ത് നിലവിലുള്ള 99 ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ പൊതുധന സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ആയത് പരിശോധിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) വില്ലേജുകളുടെ പുന:സംഘടനക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) വിസ്തീർണ്ണം, ജനസംഖ്യ ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് വില്ലേജ് പുന:സംഘടനയ്ക്ക് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ. |
| (സി) സംസ്ഥാനത്ത് വില്ലേജുകളിലെ ശരാശരി ജനസംഖ്യ എത്രയെന്ന് അറിയിക്കാമോ; | (സി) 2011 ലെ സെൻസസ് അടിസ്ഥാനമാക്കി വില്ലേജുകളുടെ ജനസംഖ്യ ശരാശരി 20000 എന്ന് കണക്കാക്കപ്പെടുന്നു. |
| (ഡി) വില്ലേജുകളുടെ പുന:സംഘടനക്ക് വേണ്ടി ഏതെങ്കിലും കമ്മിറ്റിയെയോ കമ്മീഷനേയോ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) വില്ലേജുകളുടെ പുന:സംഘടനയ്ക്ക് വേണ്ടി കമ്മിറ്റികളൊന്നും തന്നെ നിയമിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**